# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായ ഘട്ടത്തിനനുസൃതമായി കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുന്നതിലൂടെ മാത്രമേ കൈവരിക്കാനാകൂ. അക്കാദമികമായി ഇക്കാര്യങ്ങൾ ഉറപ്പാക്കാൻ ചെയ്യേണ്ട കാര്യങ്ങൾ കൃത്യമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്. ഇത്തരം ആസൂത്രണത്തിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾകൾക്കും പഠന മുന്നേറ്റത്തിനാവശ്യമായ തുല്ല്യ അവസരങ്ങൾ ഒരുക്കാൻ കഴിയും. ഇങ്ങനെ ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ ആസൂത്രണ രേഖയാണ് അക്കാദമിക മാസ്റ്റർപ്ലാൻ. കുട്ടികളുടെ. സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും, ഇതിനായി അധ്യാപകർ, രക്ഷിതാക്കൾ, സമൂഹം എന്നിവർ ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതാണ്. കൂട്ടായ പരിശ്രമത്തിലൂടെ ഇത് സാധ്യമാകും. ഇങ്ങനെ ചെയ്യുമ്പോൾ സവിശേഷ കഴിവുള്ള കുട്ടികളുടെ പഠനാവശ്യങ്ങൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്. ഇതിനായി ഓരോ പ്രവർത്തന പദ്ധതിയും ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പിലാക്കേണ്ടതാണ്. ഉദ്ദേശിച്ച ലക്ഷ്യം സാധ്യമാക്കുന്നു എന്നത് ഉറപ്പിക്കാനാവശ്യമായ സ്വയം വിലയിരുത്തലും പ്രവർത്തനപദ്ധതികളും ഇതിനോടൊപ്പം രേഖപ്പെടുത്തുന്നു. ഇപ്രകാരം രൂപപ്പെടുന്ന രേഖ പ്രാവർത്തികമാകുന്നതിനുതകുന്ന ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നു. ഇത് സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്താൻ കഴിയുന്ന തരത്തിലായിരിക്കും. ഇത് മുഴുവൻ കുട്ടികളുടെയും അറിവിനെയും കഴിവിനെയും താൽപര്യത്തെയും ഉൾക്കൊള്ളുന്നതും മുന്നോട്ട് നയിക്കാനുതകുന്നതും വഴികാട്ടുന്നതുമായിരിക്കും.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.
- ഓരോ ഘട്ടത്തിലെയും കുട്ടികൾ നേടേണ്ട അറിവുകളും കഴിവുകളും രക്ഷിതാക്കളെ അറിയിക്കുക.
- എല്ലാകുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുക.
- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി എല്ലാ ക്ലാസ്സ്റൂമുകളും സ്മാർട്ട് ആക്കും.
- ശാസ്ത്രകൗതുകം ഉണർത്തികൊണ്ട് ശാസ്ത്രാഭിരുചി വളർത്തും.
- കാമ്പസിനെ പാഠപുസ്തകവുമായി പരീക്ഷണനിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.
- ഗണിതകേളിയിലൂടെ ഗണിതാഭിരുചി വളർത്തും.
- കാർഷിക സംസ്കാരമുള്ള പുതുതലമുറയെ വളർത്തും.
- ജനതീയ സംവിധാനങ്ങളുടെ പിന്തുണയോടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തും.
- കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസത്തിന് അനുകൂലമായ ഭൗതിക സാഹചര്യം സൃഷ്ടിക്കും.
- ഗ്രീൻപ്രോട്ടോകോൾ പാലിച്ച് പ്രവർത്തിക്കും.
- ആരോഗ്യകരമായ ഭക്ഷണം ഉറപ്പാക്കുന്നതിനാവശ്യമായ പോഷക പരിപാടികൾ ആസൂത്രണം ചെയ്യും.
- ക്ലബ് പ്രവർത്തനം മെച്ചപ്പെടുത്തി ശുചിത്വക്ലാസിലൂടെ കുട്ടികളിൽ ശുചിത്വശീലം ഉറപ്പാക്കുക.
- എല്ലാ കുട്ടികളെയും പഠനമികവിലേക്ക് നയിക്കാൻ ചിത്രങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തും.
- പൊതു സമൂഹത്തെ വിദ്യാലയത്തോട് കൂടുതൽ അടുപ്പിക്കും.

8:26 am

# വിഷയം: മലയാളം

## ആമുഖം

ഞങ്ങളുടെ വിദ്യാലയത്തിലെ 1 - 4 വരെയുള്ള കുട്ടികളെ മികച്ച വായനക്കാരാക്കി മാറ്റാൻ S.S.G യോഗം ചേർന്ന് തീരുമാനിച്ചു. എന്തും എപ്പോഴും എങ്ങനെയും വായിക്കാം എന്ന ഉദ്ദേശ്യത്തോടുകൂടി ഞങ്ങൾ നടത്തുന്ന പ്രവർത്തനമാണ് **വായനയുടെ ലോകത്തേക്ക്** ................ വായനാപരിപോഷണത്തിന് വർഷം മുഴുവൻ നീണ്ടനിൽക്കുന്ന പ്രവർത്തനങ്ങൾ ഞങ്ങൾ S.S.G, P.T.A യോഗം ചേർന്ന് ആസൂത്രണം ചെയ്തു.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കുക.
- സർഗാത്മക രചനക്ക് കൂടുതൽ അവസരം നൽകുക.
- ചിത്രങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആശയവിനിമയസാധ്യത പ്രയോജനപ്പെടുത്തൽ.
- നാടകാവതരണത്തിലുള്ള പ്രാധാന്യം നൽകുകു.
- വായന ഒരു ശീലവും ലഹരിയുമാക്കുക.
- രക്ഷിതാക്കളുടെ വായനാപ്രാധാന്യം ബോധ്യപ്പെടുത്തൽ.
- E വായനയുടെ സാധ്യതകൾ പരിചയപ്പെടുത്തുക.
- വായനയിൽ മികവു പുലർത്തുന്നവരെ ആദരിക്കൽ പുതിയ തന്ത്രങ്ങൾ ആവിഷ്ക്കരിക്കൽ.
- എഴുത്ത് വായന എന്നിവയിലെ പിന്നോക്കവസ്ഥ പരിഹരിക്കൽ.
- ഭാഷപഠനം ആസ്വാദകരമാക്കൽ, ആഹ്ലാദകരമാക്കൽ, കയ്യെഴുത്ത് മാസികകൾ തയ്യാറാക്കൽ.

8:26 am

- വായന സാമഗ്രികളുടെ അഭാവം.
- അക്ഷരങ്ങൾ, ചിഹ്നങ്ങൾ, എന്നിവ ഉറക്കാത്തതിന്റെ പ്രയാസം.
- വായനയോടുള്ള താൽപര്യക്കുറവ്.
- വായനയ്ക്കുള്ള അവസരമില്ലായ്മ.
- രക്ഷിതാക്കളുടെ ശ്രദ്ധക്കുറവ്.

**മികവുകൾ**

- ☑ വായനയെ തുടന്ന് ആശയപ്രകടനത്തിന് എന്തൊക്കെ സാധ്യതകൾ ഉണ്ട് എന്ന് ഉദാഹരണസഹിതം അവതരിപ്പിക്കാൻ കഴിഞ്ഞതിനാൽ അധ്യാപകർക്ക് ആത്മ വിശ്വാസം വർദ്ധിപ്പിച്ചു.
- ☑ വായനക്കാർഡിൽ നിന്നും പാഠപുസ്തകത്തിലേക്ക് വായന വളർത്താന്നു.
- ☑ സമൂഹം പിന്തുണ വായനയ്ക്ക് ലഭിച്ചു.

**പ്രവർത്തനങ്ങൾ**

1. **അക്ഷരചിത്രങ്ങൾ** ✔

   അക്ഷരങ്ങൾ ഉറപ്പിക്കാൻ അക്ഷരചിത്രങ്ങൾ ഉപയോഗിക്കുന്നു

2. **അക്ഷരപ്പാട്ടുകൾ**

   പാട്ടുകളിൽ നിന്നും പഠിപ്പിക്കേണ്ട അക്ഷരം കണ്ടെത്തൽ

3. **അക്ഷരക്കളികൾ**

   പദസൂര്യൻ ഉപയോഗിച്ച് ക്ലാസിൽ അക്ഷരക്കളികൾ കളിക്കുന്നു.

4. **ചിത്രത്തിന് അടിക്കുറിപ്പ്**

   ചിത്രം നൽകി യോജിച്ച അടിക്കുറിപ്പ് തയ്യാറാക്കുന്നു.

5. **അക്ഷരക്കാർഡ്** ✔

   അക്ഷരക്കാർഡുകൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കാൻ

6. **ചിഹ്നങ്ങൾ ഉറപ്പിക്കൽ**

   ചിഹ്നക്കട്ടകൾ ഉപയോഗിച്ച് അക്ഷരങ്ങൾക്ക് ചിഹ്നങ്ങൾ ചേർത്ത് ചിഹ്നങ്ങൾ ഉറപ്പിക്കൽ

7. **ചിത്രങ്ങളിൽ നിന്നും വാക്യനിർമ്മാണം**

   ചിത്രങ്ങൾ നൽകി അതിന്റെ സൂചനകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു

8. **കഥ പൂർത്തിയാക്കൽ**

   ചിത്രങ്ങൾ ഉൾക്കൊള്ളുന്ന കഥ നൽകി ബാക്കി ഭാഗം പൂർത്തിയാക്കൽ

8:26 am

അനുബന്ധം 4.4

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാസംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| • ആഹ്ലാദപൂർണ്ണമായ വായനാനുഭവങ്ങൾ ഉറപ്പാക്കൽ<br>• വായിച്ച രചനകളെക്കുറിച്ച് പറയാനും എഴുതാനുമുള്ള അവസരം ഒരുക്കൽ<br>• സ്വയം വായിച്ച് കണ്ടെത്തലുകൾ നടത്തുന്നതിനുള്ള കഴിവു വികസിപ്പിക്കൽ<br>• വായനാനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനുള്ള അവസരം നൽകൽ<br>• എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറിയുറപ്പാക്കൽ | പാഠപുസ്തകം ടീച്ചർടെക്സ്റ്റ് എന്നിവ പരിശോധിച്ച് കുട്ടികൾക്ക് വിവിധ സന്ദർഭങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ, ആവശ്യമായ പുതിയപുസ്തകങ്ങൾ ലഭ്യമാക്കൽ | മെയ് 2025 | എസ് ആർ ജി | |
| | കാഴ്ച പരിമിതിയുള്ള കുട്ടിക്ക്കൂടി സഹായകമായ ശ്രവണ പാഠം തയ്യാറാക്കൽ | മെയ് 2025 | എസ് ആർ ജി | |
| | കുട്ടികൾക്കൊരു പുസ്തക സമ്മാനം | ജൂൺ | പി ടി എ/ സ്പോൺസറിങ് | പ്രവേശനോത്സവം |
| | ക്ലാസ് ലൈബ്രറി രൂപപ്പെടുത്തൽ | ജൂൺ ആദ്യവാരം | ക്ലാസ് പി ടി എ | |
| | കുട്ടികളുടെ പുസ്തക മേള സംഘടിപ്പിക്കൽ | ജൂൺ 19 | സ്കൂൾ പി ടി എ, എസ് എം സി, പൂർവ്വവിദ്യാർത്ഥി സംഘടന.. | |
| | അമ്മമാരുടെ വായന, രചനാശില്പശാല | ജൂലായ് | എസ് ആർ ജി, പ്രാദേശിക വിദഗ്ദ്ധർ | |
| | ആദ്യ പൊതു അവതരണം, വായനാക്കുറിപ്പുകൾ വായിക്കൽ, പ്രദർശനം | ആഗസ്റ്റ് /സെപ്റ്റംബർ | | ക്ലാസ് പിടി എ |
| | | ജനുവരി | | ക്ലാസ് പഠനോത്സവം |
| | എല്ലാകുട്ടികളുടെയും രചനാപരിചയക്കുറിപ്പുകളുടെ പ്രകാശനം | 2026 മാർച്ച് 20 / 21 | | ലോക കഥാദിനം/ കവിതാദിനം |

## മലയാളത്തിളക്കം

വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരാക്കുന്നതോടൊപ്പം മികച്ച എഴുത്തുകാരനാക്കുക എന്ന ലക്ഷ്യം നേടുന്നതിനായി പിന്നോക്കം നിൽക്കുന്നവരെ മുൻധാരയിലെത്തിക്കാൻ സ്കൂളിൽ നടത്തുന്ന മലയാളത്തിളക്കം, ശ്രദ്ധ എന്നീ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | ആരുടെയൊക്കെ പിന്തുണ |
|---|---|---|---|---|
| 1) എല്ലാവർക്കും എഴുത്തും വായനയും | Pre- test പിന്നോക്കക്കാരെ കണ്ടെത്തൽ | ഹ്രസ്വകാലം | ചോദ്യപ്പേപ്പർ | അധ്യാപകർ |
| വായനയുടെ വിവിധതലത്തിൽ കുട്ടികളെ പരിശീലിപ്പിക്കൽ. രക്ഷിതാക്കളെ വായനയുടെ പ്രാധാന്യവും പ്രക്രിയയും ബോധ്യമാക്കുക. | അക്ഷരം ഉറപ്പിക്കൽ ചിഹ്നങ്ങൾ ഉറപ്പിക്കൽ | മധ്യകാലം | ലൈബ്രറി പുസ്തകങ്ങൾ അക്ഷരക്കട്ട, | രക്ഷിതാക്കൾ, അധ്യാപകർ |
| | ബോധവൽക്കരണ ക്ലാസ് | ഹ്രസ്വകാലം | കാർഡുകൾ ചിത്രങ്ങൾ ചാർട്ട് ICT | വിശിഷ്ട വ്യക്തികൾ |
| വായനയിൽ മികവു പുലർത്തുന്നവരെ അംഗീകരിക്കാനും ആദരിക്കാനും പൊതുതന്ത്രങ്ങൾ ആവിഷ്കരിക്കുക. | ICT സാധ്യത ചിത്ര വായന മത്സരങ്ങൾ - സ്മ്മാന വിതരണം Post test | മധ്യകാലം | ICT ചിത്രങ്ങൾ സമ്മാനങ്ങൾ | രക്ഷിതാവ് S.S.G അധ്യാപകർ അധ്യാപകർ |

വിഷയം : ENGLISH

**ആമുഖം**

പൊതുവിദ്യാലയത്തിലെ കുട്ടികളുടെ കുറവിന് പ്രധാന കാരണം ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള രക്ഷിതാക്കളുടെ അമിതമായ ഭ്രമമാണ്. ഇതിന്റെ ഭാഗമായി ഞങ്ങളുടെ വിദ്യാലയത്തിലെ കുട്ടികളിലും കുറവ് സംഭവിച്ചിട്ടുണ്ട് എന്ന കണ്ടെത്തലിൽ നിന്ന് ഇംഗ്ലീഷ് മീഡിയം വിദ്യാലയത്തെ വെല്ലുന്ന രീതിയിലുള്ള ഇംഗ്ലീഷ് ഭാഷാപഠനം ഞങ്ങളുടെ വിദ്യാലയത്തിലും നടപ്പിലാക്കണമെന്ന് PTA, SSG, SRG ചേർന്ന് ആലോചിച്ചു. നിലവിലുള്ള പാഠപുസ്തകത്തോടൊപ്പം കുട്ടികൾക്ക് അനായാസം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള അവസരം ക്ലാസ്റൂമിൽ ഉണ്ടാക്കുക. ഇതിനായി ഇംഗ്ലീഷ് അസംബ്ലി, ഗെയിംസ്, പഠനോപകരണം. ICT എന്നിവ ഫലപ്രദമായി ക്ലാസ്റൂമിൽ നടപ്പിലാക്കാനാവശ്യമായ പ്രവർത്തന പരിപാടികളാണ് ആസൂത്രണം ചെയ്യുന്നത്. 'My English Performance' എന്ന പ്രവർത്തന പരിപാടിക്ക് തുടക്കം കുറിക്കുകയാണ്.

**ലക്ഷ്യം**

- ഒന്ന് മുതൽ നാലുവരെ കുട്ടികൾക്ക് ഇംഗ്ലീഷ് പഠനത്തിൽ താൽപര്യം ജനിപ്പിക്കുക
- പ്രീപ്രൈമറിയിൽ ഇംഗ്ലീഷ് കഥ കേൾക്കാനും പാട്ട് കേൾക്കാനും അവസരം ഒരുക്കുക
- ഒന്നാം ക്ലാസിലെ പാഠപുസ്തകങ്ങൾക്ക് പുറമെ കവിതകൾ, കഥകൾ വായിക്കാൻ പ്രാപ്തരാക്കുക.
- മൂന്നാം തരത്തിൽ സ്കിറ്റ് തെയ്യാറാക്കി അവതരിപ്പിക്കുവാൻ അവസരം ഒരുക്കൽ.
- ഏതെങ്കിലും വിഷയത്തെ അടിസ്ഥാനമാക്കി പ്രഭാഷണം നടത്തുക.

**പരിമിതികൾ**

- ഇംഗ്ലീഷ് ഭാഷയോടുള്ള ഭയം
- പദ സമ്പത്തുകളുടെ അഭാവം
- ആശയവിനിമയത്തിനുള്ള അവസരം ഇല്ലായ്മ

**മികവുകൾ**

- ഇംഗ്ലീഷ് ഭാഷ സംസാരിക്കാനുള്ള ശ്രമം കുട്ടികൾക്ക് ആരംഭിച്ചു
- രക്ഷിതാക്കൾക്ക് താല്പര്യം വർദ്ധിച്ചു
- ഇംഗ്ലീഷ് സംസാരിക്കാനുള്ള കുട്ടികളുടെ മടി ഇല്ലാതായി
- പ്രാദേശിക വിദഗ്ദരെ പ്രയോജനപ്പെടുത്താൻ അവസരം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | ആരുടെയൊക്കെ പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഫലപ്രമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പ്രീ-ടെസ്റ്റ് | | പ്രീടെസ്റ്റിനാവശ്യമായ ചോദ്യപേപ്പർ | | |
| | കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസ് | ദീർഘകാലം | ICT ചാർട്ട്, മാർക്കർ | ഇംഗ്ലീഷ് അധ്യാപകൻ, റിസോർസ് ടീച്ചർ | 5000 |
| | ഇംഗ്ലീഷ് അസംബ്ലി | മധ്യകാലം | ചാർട്ട് കാർഡ് | ഓരോ ആഴ്ചയിലും ഓരോ അധ്യാപകൻ | |
| | ഇംഗ്ലീഷ് ഡെ | മധ്യകാലം | | അധ്യാപകർ | |
| | ഇംഗ്ലീഷ് ഡയറിക്കുറിപ്പ് | ദീർഘകാലം | നോട്ട്ബുക്ക് | അധ്യാപകർ | |
| | ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി | | റഫറൻസ് പുസ്തകങ്ങൾ | ലൈബ്രറി കൺവീനർ | 1000 |
| | ഇംഗ്ലീഷ് ഫെസ്റ്റ് | ഹ്രസ്വകാലം | | അധ്യാപകർ, പൂർവ്വ വിദ്യാർത്ഥി | 2000 |
| | ഇംഗ്ലീഷ് പഠനം (ICTസാധ്യത ഉപയോഗിച്ച്) | മധ്യകാലം | കമ്പ്യൂട്ടർ ലാപ്ടോപ്പ് | അധ്യാപകർ PSITC | |
| പാഠപുസ്തകങ്ങൾക്ക് പുറമെ ചെറിയ കഥകൾ വായിക്കാൻ പ്രാപ്തരാക്കൽ | English Rhymes English Games | മധ്യകാലം | റഫറൻസ് പുസ്തകങ്ങൾ ICT | അധ്യാപകർ | |
| | കാർട്ടൂണുകൾ, സിനിമാപ്രദർശനം | ഹ്രസ്വകാലം | പ്രൊജക്ടർ കമ്പ്യൂട്ടർ | ഇംഗ്ലീഷ് അധ്യാപിക | 1000 |
| | കഥാ വായന | ഹ്രസ്വകാലം | ചെറിയ പുസ്തകങ്ങൾ | ഇംഗ്ലീഷ് അധ്യാപിക | 1000 |
| | ഇംഗ്ലീഷ് സ്കിറ്റ് | ഹ്രസ്വകാലം | Script പുസ്തകങ്ങൾ | ഇംഗ്ലീഷ് അധ്യാപിക | 500 |
| | വായനക്കാർഡ് നിർമ്മാണം | ഹ്രസ്വകാലം | കാർഡ് ചിത്രങ്ങൾ | അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വ വിദ്യാർത്ഥികൾ | 200 |
| | വർക്ക്ഷീറ്റുകൾ, വർക്ക്ബുക്കുകൾ വികസിപ്പിക്കുന്നതിനാവശ്യമായ ശില്പശാലകൾ | ഹ്രസ്വകാലം | വർക്ക്ഷീറ്റ് | അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ, മുൻഅധ്യാപകർ | 1000 |
| | ഇംഗ്ലീഷ് ബാലസഭ | മധ്യകാലം | | അധ്യാപകർ | |
| | Riddles നിർമ്മാണം അവതരണം | ഹ്രസ്വകാലം | കാർഡുകൾ ചിത്രങ്ങൾ | അധ്യാപകർ രക്ഷിതാക്കൾ | 200 |
| | ഇംഗ്ലീഷ് ക്വിസ്സ് | | ക്വിസ്സിനാവശ്യമായ ചോദ്യങ്ങൾ | അധ്യാപകർ | |

## വിഷയം : <u>പരിസരപഠനം</u>

**ആമുഖം**

ഞങ്ങളുടെ വിദ്യാലയത്തിലെ എല്ലാ കുട്ടികളിലും ശാസ്ത്രബോധം വളർത്താനും, പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുമുള്ള അവസരം ഒരുക്കാനാവശ്യമായ പ്രവർത്തനങ്ങളാണ് ഞങ്ങൾ SRG ചേർന്ന് ആസൂത്രണം ചെയ്തത്. ഇതിൽ ഏറ്റവും മികവാർന്ന പ്രവർത്തനമായി ഞങ്ങൾ തിരഞ്ഞെടുത്തത് "ജൈവ വൈവിധ്യ ഉദ്യാനം" പാഠാനുബന്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിയിട്ടുള്ള 'ജൈവാമൃതം' എന്ന പ്രവർത്തനമാണ്.

**ലക്ഷ്യങ്ങൾ**

- സ്കൂളിലെ എല്ലാ കുട്ടികൾക്കും പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാനുള്ള അവസരമൊരുക്കൽ
- നേരിട്ട് കണ്ട് അനുഭവങ്ങളിലൂടെയുള്ള പഠനം
- സസ്യങ്ങൾ വർഗ്ഗീകരിക്കൽ, പ്രത്യേകത കണ്ടെത്തൽ, നേരിട്ട് അവസരമൊരുക്കൽ
- ജീവികളെ സൂക്ഷ്മമായി നിരീക്ഷിക്കാൻ അവസരം, ജീവിതചക്രങ്ങൾ നേരിട്ട് കണ്ടെത്തൽ

**കൈത്താങ്ങ്**

- നാട്ടുവൈദ്യർ - ക്ലാസ്
- കൃഷിക്കാരനുമായി അഭിമുഖം
- പരിസ്ഥിതി കൺവീനർ
- അധ്യാപകരുടെ സഹായം
- കൃഷി ഓഫീസർ - അഭിമുഖം

**കണ്ടെത്തിയ പരിമിതി**

- ചുറ്റുപാടിനെക്കുറിച്ചുള്ള അറിവില്ലായ്മ
- സസ്യങ്ങൾ തിരിച്ചറിയാനുള്ള പ്രയാസം
- ശാസ്ത്രലേബിന്റെ അഭാവം
- പരിസ്ഥിതി സൗഹൃദാന്തരീക്ഷത്തിന്റെ അഭാവം
- നേരിട്ടനുഭവങ്ങൾ - ഇല്ലായ്മ

## പദ്ധതി രൂപീകരണപ്രക്രിയ

പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലും കുറിപ്പ് എഴുതൽ എന്നീ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് നേരിട്ടുള്ള അനുഭവക്കുറവ് ഒരു പോരായ്മായി SRG കണ്ടെത്തി. ഇതനുസരിച്ച് സ്കൂളിൽ ഒരു ജൈവവൈവിധ്യ പാർക്കിന് തുടക്കം കുറിച്ചു. പരിസ്ഥിതി ക്ലബിന്റെയും അധ്യാപകരുടേയും പിന്തുണയോടെ നടത്തുന്ന ഈ പ്രവർത്തനത്തിൽ കുട്ടികളിൽ തുടക്കം മുതൽ വളരെ നല്ല മാറ്റങ്ങളാണുണ്ടായത്.

സ്വന്തമായി പരീക്ഷണനിരീക്ഷണങ്ങളിൽ ഏർപ്പെടുവാൻ അവസരം ലഭിച്ചു. ശാസ്ത്ര പഠനത്തിന്റെ മേഖലയായ പരീക്ഷയെ നിരീക്ഷണത്തിന്റെ സൂചകങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. നമുക്ക് ചുറ്റുമുള്ള ഔഷധങ്ങളെ കുട്ടികൾക്ക് വേഗത്തിൽ തിരിച്ചറിയാൻ സാധിക്കുന്നു. സ്കൂളിൽ സംഭവിക്കുന്ന ചെറിയ പരിക്കുകൾക്കും ചതവുകൾക്കും തലവേദന തുടങ്ങിയ ചെറിയ രോഗങ്ങൾക്കും ഔഷധങ്ങൾ കുട്ടികൾ പ്രയോജനപ്പെടുത്തുന്നു.

## പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമഗ്രികൾ | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1 മുതൽ 4 വരെ ക്ലാസുകളിലെ പരിസരപഠനപ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടം ഉറപ്പിക്കുന്നതിനും പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിനും അവസരമൊരുക്കൽ | ജൈവാമൃതം | ദീർഘ കാലം | പൂക്കൾ,ചെടികൾ ഔഷധങ്ങൾ, ജീവികൾ, കുളം മത്സ്യം, പായൽ | പരിസ്ഥിതി കൺവീനർ, അധ്യാപകർ, കൃഷിഓഫീസർ, കൃഷിക്കാരൻ | 2000 |
| | സയൻസ് ലാബ് | ദീർഘ കാലം | ടെസ്റ്റ്യൂബ്, ബീക്കർ, ഗ്ലാസ് ഫണൽ | | 1000 |
| | ശാസ്ത്രമൂല | ദീർഘ കാലം | ചിരട്ട,ഐസ്ക്രീം ചരട്, കുപ്പി | അധ്യാപകർ | 500 |
| | പരീക്ഷണനിരീക്ഷണകുറിപ്പ് തയ്യാറാക്കൽ | മധ്യ കാലം | ചാർട്ട്, നോട്ട്ബുക്ക് | അധ്യാപകർ | |
| | പ്രൊജക്ട് | ഹ്രസ്വ കാലം | പുഴു,മുട്ട, പലതരം മണ്ണുകൾ | | |
| | ICTS സാധ്യത ഉപയോഗിച്ച് ശാസ്ത്രപഠനം | ഹ്രസ്വ കാലം | കമ്പ്യൂട്ടർ | അധ്യാപകർ | |
| | ശാസ്ത്രമാസിക | മധ്യ കാലം | പേപ്പർ, കളർ | അധ്യാപകർ, കൺവീനർ | 200 |
| ഓരോ കുട്ടിക്കും ഓരോ ക്ലാസിനും അനുയോജ്യമായ പഠന നേട്ടം ഉറപ്പാക്കൽ അവശ്യമായ പഠന വസ്തുക്കൾ പരിസരത്ത് നിന്നു ലഭ്യമാക്കൽ | പരിസരപഠന യാത്ര | ഹ്രസ്വ കാലം | ജൈവവൈവിധ്യ ഉദ്യാനം | ........ | |
| | സസ്യങ്ങളുടെ വിവിധ ഭാഗങ്ങൾ പരിചയപ്പെടൽ | ഹ്രസ്വ കാലം | | | |
| | വർഗ്ഗീകരണം, താരതമ്യം | ഹ്രസ്വ കാലം | ഗ്ലാസ്,മണ്ണ്,ചിരട്ട | അധ്യാപകർ | |
| | മണ്ണ് മണ്ണിലെ ജീവികൾ- മണ്ണ് സംരക്ഷണം പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടാൻ | | | | |

8:26 am

ഗണിതപരമായി പിന്നോക്കവസ്ഥ

അടിസ്ഥാന ആശയങ്ങൾ– ഉറപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുക.

- ചോദ്യാവലി
- പ്രീടെസ്റ്റ്
- മൂല്യനിർണ്ണയം
- എസ്.ആർ.ജി. അവതരണം
- പരിഹാരപ്രവർത്തനങ്ങൾ

**ഗണിതാസ്വാദനം**

ഗണിതപാറ്റേൺ

സംഖ്യകൾക്കൊന്തൊരുചന്തം

ചിത്രപാറ്റേൺ

കുട്ടികൾ തയ്യാറാക്കുന്ന പാറ്റേൺ, കലണ്ടർ

**ഗണിതക്ലബ്ബ് രൂപീകരണ**

ക്ലാസതല, സ്കൂൾതലക്ലബ്ബ് രൂപീകരണം

ഗണിതപരിപാടികൾ- ക്ലബ് പ്രവർത്തന ഭാഗമായി

ക്വിസ് മത്സരങ്ങൾ, കുസൃതികണക്കുകൾ

ചിത്രശേഖരണം (ഗണിതശാസ്ത്രജ്ഞൻ)

വിദഗ്ദരുടെ ക്ലാസുകൾ

**ഗണിതമാഗസിൻ**

ഗണിതാശയം, പ്രശ്നങ്ങൾ, പാറ്റേൺ, ഗണിതശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ , ആനുകാലിക സംഭവങ്ങൾ, ഗണിതവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ തല മാഗസിൻ

**ചിത്രനിരീക്ഷണം**

സ്കൂളിന്റെ പരിസരം, ജൈവവൈവിധ്യ പാർക്ക് എന്നിവ ഉപയോഗിച്ച് കുട്ടികൾക്ക് വലുത് , ചെറുത്, കൂടുതൽ, കുറവ് എന്നിവ നേരിട്ടനുഭവമൊരുക്കി കൊണ്ടുള്ള പ്രവർത്തനങ്ങൾ, പച്ചക്കറികളുടെ എണ്ണം, ചെടികളുടെ എണ്ണം, പൂക്കളുടെ എണ്ണം, ദളങ്ങളുടെ എണ്ണം)

**ഗണിതകളികൾ**

**സങ്കലന വ്യവകലന ക്രിയകൾ ഉറപ്പിക്കൽ**

കാർഡുകളില, ഗ്രൈസ് സ്റ്റിക്കർ ഉപയോഗിച്ചുള്ള കളികൾ, മത്സ്യവും ചൂണ്ടയും കളി, ചില്ലറമാറ്റൽ

**കച്ചവടക്കളി**

കളിനോട്ട് ഉപയോഗിച്ച് കച്ചവടക്കളി, ICT സാധ്യത ഉപയോഗിച്ച് നാണയകളി, ചില്ലറമാറ്റൽ.

**സംഖ്യാബോധം ഉറപ്പിക്കൽ**

അബാക്കസ്, സ്ഥാനവിലപോക്കറ്റ് എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ, സംഖ്യാനിർമ്മാണം, ഗണിതപാട്ട്, കടങ്കഥ

**ഭാരം അളക്കൽ ഊഹിക്കൽ**

ത്രാസ്, തൂക്കക്കട്ടി, അളവു പാത്രങ്ങൾ എന്നിവ ഉപയോഗിച്ച് അളക്കൽ, 8:26 am

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമഗ്രികൾ | ആരുടെയൊക്കെ പിന്തുണ | സാമ്പത്ത |
|---|---|---|---|---|---|
| 1) 1-4 വരെ ക്ലാസിലെ ഗണിതപഠനപ്രവർത്ത നങ്ങൾ ഫലപ്രദമായി ചെയ്തയുന്നതിനുംപഠ നോട്ടം ഉറപ്പിക്കുന്ന തിനും | ചിത്രനിരീക്ഷണം | ഹ്രസ്വകാലം | പൂക്കൾ,പച്ചക്കറി,ചിത്രങ്ങൾ ,ഐ.സി.ടി | അധ്യാപകർ രക്ഷിതാക്കൾ | 100 |
| 2. നാണയങ്ങളുടെയും നോട്ടുകളുടെയും മൂല്യം തിരിച്ചറിയാൻ നിത്യജീവിതവുമായി ബന്ധപ്പെട്ട ഗണിതാപ്രശ്നങ്ങൾ പരിഹരിക്കൽ ക്ക | കച്ചവടക്കളി | മധ്യകാലം | കളിനോട്ട് നാണയങ്ങൾ ,ഐ.സി.ടി | അധ്യാപകർ രക്ഷിതാക്കൾ | 500 |
| 3) 1-4 വരെ ക്ലാസിലെ കുട്ടികൾ സംഖ്യ ബോധം സ്ഥാനവി എന്നിവ ഉറപ്പിക്കൽ | സംഖ്യ നിർമ്മാണം | മധ്യകാലം | അബാക്കസ് സ്ഥാനവിലഷോക്കറ്റ്,കമ്പ്കെട്ട്,സ്ട്രോ | അധ്യാപകർ രക്ഷിതാക്കൾ | 250 |
| 4. ഗണിതരൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തൽ | രൂപങ്ങൾ പരിചയപ്പെടൽ (ഐ.സി.ടി സാധ്യത) | ഹ്രസ്വകാലം | ഐ.സി.ടി., ടാൻഗ്രാം | അധ്യാപകർ | 100 |

# അക്കാദമിക് മാസ്റ്റർപ്ലാൻ : 2025-26

| പ്രവർത്തനം | കാലം | സാമഗ്രികൾ | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| 1 ഹരിതാമൃതം | ജൂൺ-ജനുവരി | ചെടികൾ ഫലവൃക്ഷങ്ങൾ പച്ചക്കറി വിത്തുകൾ ചാർട്ട്, മാർക്കർ, [illegible] | കുട്ടികൾ അധ്യാപകർ SSG കൃഷി ഭവൻ | 5000 |
| 2 വായനാ മധുരം | ജൂൺ-ഫെബ്രുവരി | വായനാ കാർഡുകൾ കഥാ പുസ്തകങ്ങൾ റഫറൻസ് പുസ്തകം | SSG അധ്യാപകർ MPTA | 2000 |
| ടാലന്റ് ലാബ് | ജൂലായ് ഒക്ടോബർ | പേപ്പർ ചന്ദനത്തിരി കുട വള, കത്രിക | പ്രത്യേക പരിശീലനം ലഭിച്ചവർ SRG | |
| ലിറ്റിൽ സയന്റിസ്റ്റ് | ആഗസ്റ്റ് ഡിസംബർ | പരീക്ഷണ സാമഗ്രികൾ ചിരട്ട, കുപ്പി ബീക്കർ | PTA SSG SRG | 2000 |
| Easy English | ഒക്ടോബർ ഡിസംബർ | Reading Cards Chart | SSG PTA | |
| ഗണിതച്ചെപ്പ് | ആഗസ്റ്റ് ഡിസംബർ | ചാർട്ട്, കളർ പേപ്പർ, A4 പേപ്പർ ക്രയോൺ | SSG PTA SRG | |
| നാട്ടറിവ് ഭക്ഷ്യമേള | ജനുവരി മാർച്ച് | ചാർട്ട് കുറിപ്പ് | MPTA SSG SRG | |